# പാഠം 1: ബൈബിൾ രക്ഷയുടെ ചരിത്രം

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | സീറോ മലബർ സഭയുടെ വിശ്വാസ പരിശീലന പാഠപുസ്തക പരമ്പരയുടെ പേര്: | രക്ഷയുടെ പാതയിൽ |
| 2 | അഞ്ചാം ക്ലാസ്സിലെ പുസ്തകത്തിന്റെ പേര്: | രക്ഷകനെ കാത്തിരുന്ന ജനം |
| 3 | അഞ്ചാം ക്ലാസ്സിലെ പുസ്തകത്തിന്റെ ഒന്നാം പാഠത്തിന്റെ പേര്: | ബൈബിൾ രക്ഷയുടെ ചരിത്രം |
| 4 | ബൈബിൾ എന്ന വാക്കിന്റെ അർത്ഥം: | പുസ്തകം |
| 5 | ബൈബിൾ എന്ന വാക്ക് ഉണ്ടായത് ഏത് ഭാഷയിൽ നിന്ന് : | ഗ്രീക്ക് |
| 6 | ബൈബിൾ എന്ന വാക്ക് ഉണ്ടായത് ഏത് പദത്തിൽ നിന്ന് : | ബിബ്ലിയ എന്ന ഗ്രീക്കുപദത്തിൽനിന്ന്. |
| 7 | ബൈബിളിലെ പുസ്തകങ്ങളുടെ എണ്ണം: | 73 (46 + 27) |
| 8 | പഴയനിയമ പുസ്തകങ്ങളുടെ എണ്ണം : | 46 |
| 9 | പുതിയനിയമ പുസ്തകങ്ങളുടെ എണ്ണം : | 27 |
| 10 | **ബൈബിൾ:** | നമ്മുടെ വിശുദ്ധ ഗ്രന്ഥം<br>രക്ഷയുടെ ചരിത്രം വിവരിക്കുന്ന പുസ്തകം<br>73 പുസ്തകങ്ങളുടെ സമാഹാരം<br>ലോകത്തിൽ ഏറ്റവും കൂടുതൽ അച്ചടിച്ച പുസ്തകം<br>ഏറ്റവുമധികം ഭാഷകളിൽ ഉള്ള പുസ്തകം<br>ഏറ്റവുമധികം വിൽക്കപ്പെട്ട പുസ്തകം<br>ഏറ്റവുമധികം വായിച്ച പുസ്തകം<br>മനുഷ്യജനതയ്ക്കു മുഴുവനുമായി ദൈവം നൽകിയ വിശുദ്ധഗ്രന്ഥം. |
| 11 | ബൈബിളിലെ ദൈവവചനങ്ങൾ മനുഷ്യജീവിതത്തിനു വഴികാട്ടിയാണെന്നു പറയുന്ന സങ്കീർത്തകൻ: | ദാവീദ് |
| 12 | ബൈബിളിലെ ദൈവവചനങ്ങൾ മനുഷ്യജീവിതത്തിനു വഴികാട്ടിയാണെന്നു പറയുന്ന സങ്കീർത്തന ഭാഗം: | "അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും, വഴികളിൽ പ്രകാശവുമാണ്" (സങ്കീർത്തനം 119:105). |
| 13 | 1. ബൈബിൾ ജീവിതത്തിനു വഴികാട്ടിയാണെന്നു പറയാൻ കാരണമെന്ത്? | ലോകത്തിന്റെ ആരംഭം, മനുഷ്യന്റെ ഉത്ഭവം, മനുഷ്യജീവിതത്തിന്റെ ലക്ഷ്യം, ആ ലക്ഷ്യം നേടാനുള്ള വഴികൾ എന്നിവയെക്കുറിച്ചെല്ലാം ബൈബിൾ പഠിപ്പിക്കുന്നു. അങ്ങനെ ബൈബിൾ സ്വർഗത്തെ ലക്ഷ്യമാക്കി ജീവിക്കുന്നതിലുള്ള വഴികാട്ടിയായിത്തീരുന്നു. |
| 14 | 2. ബൈബിളിലെ വചനങ്ങൾ ജീവദായകമായി മാറുന്നത് എങ്ങനെയാണ്? | ദൈവത്തിന്റെ വചനം ആത്മാവും ജീവനുമാണ്. ദൈവവചനം കേൾക്കുന്നവന് നിത്യജീവൻ ലഭിക്കുന്നു. ദൈവത്തിന്റെ വചനം ജീവൻ പ്രദാനം ചെയ്യുന്നു. ദുഃഖങ്ങളിൽ ആശ്വാസമേകുന്നു. രോഗങ്ങളിൽ സൗഖ്യം നൽകുന്നു. തളർച്ചയിൽ ഉണർവു പകരുന്നു. തകർച്ചകളിൽ നിന്ന് കൈപിടിച്ചുയർത്തുന്നു. |

| | | |
|---|---|---|
| 15 | മനുഷ്യകുലത്തെ രക്ഷിക്കാനായി ദൈവം നടത്തിയ രക്ഷാകരപദ്ധതിയുടെ ആദ്യഭാഗം എവിടെയാണ് കാണുന്നത് ? | പഴയനിയമഗ്രന്ഥങ്ങളിൽ |
| 16 | 3. പഞ്ചഗ്രന്ഥിയുടെ ഉള്ളടക്കം എന്ത്? | പ്രപഞ്ചസൃഷ്ടി, ഇസ്രയേൽജനതയുടെ തെരഞ്ഞെടുപ്പ്, അടിമത്തത്തിൽ നിന്നുള്ള മോചനം, വിശുദ്ധനാട്ടിലേക്കുള്ള പ്രവേശനം, ജീവിതനിയമങ്ങൾ എന്നിവ അടങ്ങുന്നതാണ് പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങൾ. |
| 17 | ബൈബിളിലെ ആദ്യ അഞ്ചുപുസ്തകങ്ങൾ അറിയപ്പെടുന്ന പേര് : | പഞ്ചഗ്രന്ഥി |
| 18 | പഴയനിയമത്തിലെ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങൾ (പഞ്ചഗ്രന്ഥി) ഏതെല്ലാം ? | ഉൽപത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം എന്നിവ |
| 19 | പഴയനിയമഗ്രന്ഥങ്ങളെ പൊതുവിൽ 3 വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഏതെല്ലാം ? | ചരിത്രപരം, പ്രവചനപരം, പ്രബോധനപരം എന്നിവ |
| 20 | ലോകരക്ഷകനായ ഈശോയുടെ ജീവിതത്തെയും അവിടുത്തെ പ്രബോധനങ്ങളെയും വിവരിക്കുന്ന പുസ്തകങ്ങൾ ഏവ: | പുതിയനിയമത്തിലെ നാലു സുവിശേഷങ്ങൾ. |
| 21 | 4. സുവിശേഷങ്ങൾ കൂടാതെ പുതിയനിയമത്തിലുള്ള മറ്റു പുസ്തകങ്ങൾ ഏവ? | ആദിമസഭയുടെ ചരിത്രം വിവരിക്കുന്ന അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ, വി.പൗലോസിന്റെ പേരിൽ അറിയപ്പെടുന്ന പതിനാലു ലേഖനങ്ങൾ, ഏഴ് കാതോലിക ലേഖനങ്ങൾ, വെളിപാട് എന്നിവയാണ് പുതിയനിയമത്തിലെ മറ്റു പുസ്തകങ്ങൾ. |
| 22 | പഴയനിയമത്തിന്റെ പൂർത്തീകരണമാണ് ....... | പുതിയ നിയമം. |
| 23 | പഴയനിയമത്തിൽ ................... ആണ് അവതരണവിഷയം. | ഇസ്രായേലിന്റെ ചരിത്രം. |
| 24 | പുതിയനിയമത്തിൽ ...................... ആണ് അവതരണവിഷയം. | ഈശോയിലൂടെ കൈവന്ന രക്ഷയുടെ ചരിത്രം. |
| 25 | പുതിയനിയമഗ്രന്ഥത്തിലെ കേന്ദ്രബിന്ദുവാണ് ....... | ഈശോയുടെ ജീവിതം |
| 26 | 5. പഴയനിയമജനതയുടെ ദൈവാനുഭവം നമ്മെ സഹായിക്കുന്നത് എങ്ങനെ? | ഇസ്രായേൽക്കാരുടെ ജീവിതത്തിൽ നിരന്തരം ഇടപെട്ട ദൈവം നമ്മുടെ ജീവിതത്തിലും ഇടപെടുന്നുണ്ട്. ഇസ്രായേലിനെ പ്രതിസന്ധികളിലും വഴിനടത്തിയ ദൈവം തക്കസമയത്ത് നമ്മെയും സഹായിക്കും. നമ്മെക്കുറിച്ച് രക്ഷാകരമായ ഒരു പദ്ധതി അവിടുത്തേയ്ക്കുണ്ട്. ഈ സത്യം മനസ്സിലാക്കാനും ദൈവത്തിന്റെ രക്ഷാകരസംരക്ഷണത്തിൽ ജീവിക്കുവാനും പഴയനിയമജനതയുടെ ദൈനാനുഭവം നമ്മെ സഹായിക്കും. |
| Notes for All Chapters | **ശ്രദ്ധിക്കുക:** പാഠത്തിന്റെ സംഗ്രഹമാണ് ചോദ്യോത്തരരൂപത്തിൽ കൊടുത്തിരിക്കുന്നത്. ചോദ്യത്തിലും ഉത്തരത്തിലും മറ്റു പല ചോദ്യോത്തരങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ചോദ്യം എങ്ങനെയുള്ളതായാലും (ഉദാ: ശരിയായ ഉത്തരം ഉത്തരപ്പട്ടികയിൽനിന്നും എടുത്തെഴുതുക, തരംതിരിച്ചെഴുതുക, പൂരിപ്പിക്കുക, ചേരുംപടി ചേർക്കുക, ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക മുതലായവ) അത് വായിച്ചു മനസ്സിലാക്കി ചോദ്യത്തിനനുസരിച്ച് ശരിയായ ഉത്തരമെഴുതുക. പുസ്തകം വായിച്ചതിനുശേഷമാണ് പാഠത്തിന്റെ സംഗ്രഹം പഠിക്കേണ്ടത്. ഒരു ചോദ്യത്തിന്റെ ഉത്തരം ഒറ്റ വാക്കിലാണ് എഴുതേണ്ടതെങ്കിൽ ഉത്തരം മാത്രമെഴുതുക. എന്നാൽ അത് ഒരു വാക്യത്തിലാണ് എഴുതേണ്ടതെങ്കിൽ ചോദ്യത്തിൽനിന്നും വാക്കുകൾ കൂട്ടിച്ചേർത്തു പൂർണരൂപത്തിൽ ഉത്തരമെഴുതുക. പാഠാവസാനത്തെ ചോദ്യങ്ങളാണ് രണ്ടാമത്തെ കോളത്തിൽ നമ്പർ ഇട്ടു നല്കിയിരിക്കുന്നത്. | |